# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1533.

12-06-2019 ൽ മറുപടിയ്ക്ക്

## നെൽകർഷകരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.പി. ഉണ്ണി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷിയേയും കർഷകരെയും സംരക്ഷിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | നെൽകർഷകർക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5,500/- രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നുണ്ട്.<br>• സവിശേഷ നെല്ലിനങ്ങളുടെ വ്യാപനത്തിനു ഹെക്ടറൊന്നിനു 10,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.<br>• പാടശേഖരസമിതികൾക്ക് ഗ്രൂപ്പ് ഫാമിങ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഹെക്ടറൊന്നിനു 360/- രൂപ നിരക്കിൽ ഓപ്പറേഷണൽ സപ്പോർട്ട് നൽകുന്നുണ്ട്.<br>• കരനെൽ കൃഷിക്ക് ഹെക്ടറൊന്നിനു 13,600/- രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നുണ്ട്.<br>• തരിശു നിലകൃഷിക്ക് പുതുതായി ചെയ്യുന്നതിനു (ഒന്നാം വർഷം) ഹെക്ടറൊന്നിനു 30,000/- രൂപയും തുടർന്നുള്ള കൃഷിക്ക് (രണ്ടാം വർഷം) 7000/- രൂപയും എന്ന ക്രമത്തിൽ സബ്സിഡി നൽകുന്നുണ്ട്.<br>• ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂകൃഷി ചെയ്യുന്നതിനു ഹെക്ടറൊന്നിനു 10,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.<br>• ഉല്പാദനബോണസ്സ് ഹെക്ടറൊന്നിനു 1,000/- രൂപ നിരക്കിൽ നൽകുന്നുണ്ട്. |

- കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യം നിബന്ധനകൾക്കനുസൃതമായി നൽകുന്നുണ്ട്.
- ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9000/- രൂപ ധനസഹായം നൽകും. ക്രോപ്പിങ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15000/- രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000/- രൂപയും നൽകി വരുന്നുണ്ട്. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000/- രൂപയും, കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും ആനുകൂല്യം നൽകുന്നുണ്ട്. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600/- രൂപയും പവർ സ്പ്രേയറിന് 3000/- രൂപയും വിന്നോവറിന് 10000/- രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10000/- രൂപ സബ്സിഡി നൽകും.
- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉഴവുകൂലി ഹെക്ടറിനു 17000/- രൂപ നൽകുന്നുണ്ട്. ഇതിനു പുറമേ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരവരുടെ പരിധിയിൽ വ്യത്യസ്തങ്ങളായ നെൽകൃഷി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.
- കൃഷി നാശം സംഭവിച്ചാൽ 45 ദിവസത്തിൽ കൂടുതൽ പ്രായമായ നെല്ലിനു വിള ഇൻഷ്വറൻസ് ആനുകൂല്യമായി ഹെക്ടറിനു 35000/- രൂപയും 45

| | | | |
|---|---|---|---|
| | | | ദിവസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 15000/- രൂപയും ആനുകൂല്യമായി നൽകുന്നുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിലെ നെൽപ്പാടങ്ങളിൽ വ്യത്യസ്ത ഇനം വിളകൾ കൃഷിചെയ്യുന്നതിനായി നിലം പരിവർത്തനം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം നടപടികൾ അവസാനിപ്പിക്കുവാനും നെൽകൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കാമോ? | (ബി) | നെൽപ്പാടങ്ങളിൽ ദീർഘകാലവിളകൾ കൃഷി ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും, തരിശുനിലങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ ബോധവാന്മാരാക്കുകയും, ദീർഘകാല വിളകൾ കൃഷി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് സമയാസമയങ്ങളിൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**